"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- കേരള വനം വകുപ്പിന് 20 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.16/2022/F&WLD തീയതി,തിരുവനന്തപുരം, 30-03-2022

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) ന്റെ 20/10/2021,19/11/2021 തീയതികളിലെ പി3-4200/2021 നം. കത്തുകൾ.

**ഉത്തരവ്**

വനം വകുപ്പിലെ ലാഭകരമല്ലാത്ത വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്പ്മെന്റ്) പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

വനം വകുപ്പിലെ പല വാഹനങ്ങളും വളരെയധികം പഴക്കമുള്ളതും പരുക്കൻ വനപ്രദേശങ്ങളിൽ ഉപയോഗിക്കാൻ യോഗ്യമല്ലാത്തതുമാണെന്നും അവയിൽ പലതും കണ്ടം ചെയ്തതോ കണ്ടം ചെയ്യാൻ പോകുന്നവയോ ആണെന്നും ഈ പഴയ വാഹനങ്ങളുടെ വൻതോതിലുള്ള ഇന്ധന ഉപഭോഗവും അറ്റകുറ്റപ്പണികളുടെ ചെലവും സർക്കാരിന് കനത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു. പല വാഹനങ്ങളും കണ്ടം ചെയ്യപ്പെടേണ്ടതുണ്ടെങ്കിലും പകരം വാഹനങ്ങൾ ഇല്ലാത്തതിനാൽ അവയെ കണ്ടം ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നും അതിനാൽ കണ്ടം ചെയ്യാറായ പല വാഹനങ്ങളും മാറ്റി പുതിയ വാഹനങ്ങൾ ഉപയോഗിക്കേണ്ടത് അത്യന്താപേക്ഷിതമായിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്പ്മെന്റ്) ന്റെ റിപ്പോർട്ടിൽ അറിയിച്ചിരുന്നു. മേൽ സാഹചര്യത്തിലാണ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്മെന്റ്) ബഡ്ജറ്റ് ശീർഷകമായ "4406-01-101-99-Forest Protection (Survey of Forest Boundaries and Forest Protection (Plan)(Capital)" ൽ നിന്നും CAMPA ഫണ്ടിൽ നിന്നുമായി ആകെ 30 വാഹനങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനം വകുപ്പിന്, നിലവിലുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം GeM Portal മുഖേന ബഡ്ജറ്റ് ശീർഷകമായ "4406-01-101-99-Forest Protection (Survey of Forest Boundaries and Forest Protection - (Plan)(Capital)" ൽ നിന്ന് 10 വാഹനങ്ങളും CAMPA ഫണ്ടിൽ നിന്നും 10 വാഹനങ്ങളും (ആകെ 20 വാഹനങ്ങൾ) വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പ്ലാനിംഗ് & ഡെവലപ്മെന്റ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ (അഗ്രി -സി) വകുപ്പ് (10/02/2022 ലെ Agri-C2/96/2021-FIN നമ്പർ പ്രകാരം)

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ് (15/03/2022 ലെ PLGEA-A1/38/2022/PLGEA നമ്പർ പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

വനം വന്യജീവി (ഇ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Sabarish M S**
**Date: 30-03-2022 19:33:25**

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

6019937/22

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-03-2022

ഫയൽ നം. FWLD-D1/335/A/2021/FWLD. ഇനം നം: 642

വിഷയം : വനം-വന്യജീവി വകുപ്പ് - കേരള വനം വകുപ്പിൽ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ.

തീരുമാനം : ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരമുള്ള 10 വാഹനങ്ങളും, CAMPA ഫണ്ടിൽ നിന്നും 10 വാഹനങ്ങളും (ആകെ 20 വാഹനങ്ങൾ) വാങ്ങുന്നതിന് അനുമതി നൽകാമെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

R
30/3
AS

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | FWLD-D1/335/2021/FWLD |
| 2. | വകുപ്പ് | വനം വന്യജീവി (ഡി) വകുപ്പ്, |
| 3. | വിഷയം | കേരള വനം വകുപ്പിൽ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23/03/2022 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ബിന്ദു തങ്കച്ചി എം കെ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ് കുമാർ സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 25 /03/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി .പി . ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26 /03/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26 /03/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26 /03/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2021–22 സാമ്പത്തിക വർഷത്തിൽ വനം വകുപ്പിലെ ലാഭകരമല്ലാത്ത വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്പ്മെന്റ്) ന്റെ പ്രൊപ്പോസലുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്പ്മെന്റ്) ന്റെ പ്രൊപ്പോസലിൽ, വകുപ്പിലെ പല വാഹനങ്ങളും വളരെയധികം പഴക്കമുള്ളതും പരുക്കൻ വനപ്രദേശങ്ങളിൽ ഉപയോഗിക്കാൻ യോഗ്യമല്ലാത്തതുമാണെന്ന് അറിയിച്ചിട്ടുണ്ട്. അവയിൽ പലതും കണ്ടം ചെയ്തതോ കണ്ടം ചെയ്യാൻ പോകുന്നവയോ ആണ്. ഈ പഴയ വാഹനങ്ങളുടെ വൻതോതിലുള്ള ഇന്ധന ഉപഭോഗവും അറ്റകുറ്റപ്പണികളുടെ ചെലവും സർക്കാരിന് കനത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നു. പല വാഹനങ്ങളും കണ്ടം ചെയ്യപ്പെടേണ്ടതുണ്ടെങ്കിലും പകരം വാഹനങ്ങൾ ഇല്ലാത്തതിനാൽ അവയെ കണ്ടം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിനാൽ കണ്ടം ചെയ്യാറായ പല വാഹനങ്ങളും മാറ്റി പുതിയ വാഹനങ്ങൾ ഉപയോഗിക്കേണ്ടത് അത്യന്താപേക്ഷിതമായിട്ടുണ്ട്. 'Go Green' ന്റെ ഭാഗമായി അനെർട്ടിൽ നിന്ന് വാഹനങ്ങൾ വാടകയ്ക്കെടുക്കുന്ന സാധ്യത വകുപ്പ് പരിശോധിച്ചിരുന്നു. നിലവിൽ അനെർട്ടിൽ നിന്ന് വാടകയ്ക്കെടുക്കാൻ ലഭ്യമായ വാഹനങ്ങൾ പരുക്കൻ ഭൂപ്രദേശങ്ങളിൽ ഉപയോഗിക്കാവുന്ന ഫോർ വീൽ ഡ്രൈവ് വാഹനങ്ങളല്ല. അതനുസരിച്ച്, കണ്ടം ചെയ്യുന്ന വാഹനങ്ങൾക്ക് പകരം വാങ്ങുന്ന വാഹനങ്ങൾ പരുക്കൻ ഭൂപ്രദേശങ്ങളിൽ ഉപയോഗിക്കാൻ അനുയോജ്യമായ ഫോർ വീൽ ഡ്രൈവ് വാഹനങ്ങൾ ആകാവുന്നതാണ്.

3) ഈ പശ്ചാത്തലത്തിലാണ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്മെന്റ്) ബഡ്ജറ്റ് ശീർഷകമായ

"4406-01-101-99-Forest Protection (Survey of Forest Boundaries and Forest Protection (Plan)(Capital) " ൽ നിന്ന് 24 വാഹനങ്ങളും CAMPA ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് 6 വാഹനങ്ങളും വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചത്.

4) മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

*"Finance' agrees to the purchase of 10 four wheel drive vehicles for operational purposes subject to existing rules of purchase.*

*This has the approval of Hon'ble Minister (Finance)."*

5) 10 ഫോർ വീൽ ഡ്രൈവ് വാഹനങ്ങൾ വാങ്ങുന്നതിനുള്ള ബഡ്ജറ്റ് ശീർഷകം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ, മേൽപ്പറഞ്ഞ വിഷയത്തിൽ സ്പഷ്ടീകരണത്തിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു:

*"The Administrative Department is requested to meet the expenditure under the Head of Account ' 4406-01-101-99-Forest Protection (Survey of Forest Boundaries and Forest Protection) (01) Forest Protection (Plan) (capital)' subject to the condition that the concurrence of Planning and Economic Affairs Department should be obtained. It may also be informed to buy the most affordable 10 four wheel drive*

*vehicles through Gem portal only and with the approval of cabinet. "*

6) മേൽ വിഷയത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

*"1. The Planning Department advise that the purchase of vehicles from the Budget Head '4406-01-101-99-(01) Forest protection (Survey of Forest Boundaries and Forest Protection) -Plan (Capital) should be on the condition of satisfying all remarks of the Finance department.*

*2. Regarding the purchase of vehicles from CAMPA Account, since it is not part of the State Budget, Administrative department can take decision with the concurrence of Finance department."*

7) ഫയൽ ചംക്രമണം ചെയ്തപ്പോൾ '4406-01-101-99-(01) Forest protection (Survey of Forest Boundaries and Forest Protection) -Plan (Capital)' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് 30 വാഹനങ്ങളും CAMPA ഫണ്ടിൽ നിന്ന് 10 വാഹനങ്ങളും വാങ്ങുന്നത് അനുവദിക്കണമെന്നും പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക്

വെയ്ക്കണമെന്നുമുള്ള നിർദ്ദേശം ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി മുന്നോട്ടു വെയ്ക്കുകയുണ്ടായി.

8) പ്രസ്തുത വിഷയം ബഹു. മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട കാര്യം</u>

ധനകാര്യവകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും അഭിപ്രായങ്ങൾ മറികടന്ന് കേരള വനം വകുപ്പിനായി '4406-01-101-99-(01) Forest protection (Survey of Forest Boundaries and Forest Protection) -Plan (Capital)' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിലവിലുള്ള തുകയിൽ നിന്ന് 30 വാഹനങ്ങളും CAMPA ഫണ്ടിൽ നിന്ന് 10 വാഹനങ്ങളും വാങ്ങുന്നതിന് അനുമതി നൽകാമോ?

| GOVERNMENT OF KERALA<br>(SHRI. PINARAYI VIJAYAN MINISTRY)<br>NOTE FOR COUNCIL OF MINISTERS | | |
|---|---|---|
| 1. | File Number | FWLD-D1/335/2021/FWLD |
| 2. | Department | Forest & Wildlife (D) Department |
| 3. | Subject | Proposal for the purchase of vehicles in Kerala Forest Department - reg. |
| 4. | Date of Chief Minister order for placing before the Council. | 23/03/2022 |
| 5. | (i)Does the case involve financial commitments/implications | Yes |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes |
| 7. | Name of Additional Secretary who submitted the Draft Note. | Smt. Bindu Thankachy M K |
| 8. | Name of Principal Secretary who approved the Draft Note. | Sri. Rajesh Kumar Sinha |
| 9. | Date of Approval of the Draft Note for the Council by the Principal Secretary | 25 / 03 /2022 |
| 10. | Name of Chief Secretary who approved the Draft Note. | Dr. V P Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 26 / 03 /2022 |
| 12. | Name of Minister who approved the Draft Note | Sri. A K Saseendran |
| 13. | Date of approval of the Draft Note for the Council by the Minister. | 26/03/2022 |
| 14. | Date of submission of fair copies | 26 /03/2022 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./letter communicating the decision. | |

# NOTE FOR COUNCIL OF MINISTERS

This note pertains to the proposal of Principal Chief Conservator of Forests (Planning & Development) for the purchase of new vehicles in Forest Department during the financial year 2021-22 by replacement of uneconomic vehicles in the department.

2) As per the report of Principal Chief Conservator of Forests (Planning & Development), many of the vehicles in the Department are incredibly old and unfit for use in rugged forest terrains. Many of them either have been condemned or are due for condemnation. Also, it has been reported that huge fuel consumption and the cost of maintenance of these old vehicles is causing a heavy financial burden to Government. Though many vehicles are due for condemnation, they could not be condemned for want of replacement vehicles. Hence, it has become highly essential to replace many vehicles due for condemnation with new vehicles.To 'Go Green', the option of hiring vehicles from ANERT was also explored by the Department. Presently, the vehicles available for hiring from ANERT are not four-wheel-drive vehicles that can be used in rough terrain. Accordingly, the vehicles which can be procured in place of condemned vehicles could be four-wheel-drive that are suitable to be used in rough terrains.

3) In this background, the Principal Chief Conservator of Forests (Planning&Development) has submitted the proposal to purchase 24 vehicles from the Budget Head "4406-01-101-99-Forest Protection (Survey of Forest Boundaries and Forest Protection (Plan) (capital) and 6 vehicles from the CAMPA Budget Head.

4) When the file was forwarded to Finance Department, that department remarked as follows:-

*"Finance' agrees to the purchase of 10 four wheel drive vehicles for operational purposes subject to existing rules of purchase.*

*This has the approval of Hon'ble Minister (Finance)."*

5) As there was lack of clarity in the remarks furnished by Finance Department regarding the Budget Head from which the expenditure is to be met for the purchase of 10 Four wheel drive vehicles, the file was again forwarded to Finance Department for clarification in the above matter. Then, the Finance Department remarked as follows;

*"The Administrative Department is requested to meet the expenditure under the Head of Account ' 4406-01-101-99- Forest Protection (Survey of Forest Boundaries and Forest Protection) (01) Forest Protection (Plan) (capital)' subject to the condition that the concurrence of Planning and Economic*

*Affairs Department should be obtained. It may also be informed to buy the most affordable 10 four wheel drive vehicles through Gem portal only and with the approval of cabinet. "*

6) When the file was forwarded to Planning & Economic Affairs Department for remarks in the above matter, that department remarked as follows:

*"1. The Planning Department advise that the purchase of vehicles from the Budget Head '4406-01-101-99-(01) Forest protection (Survey of Forest Boundaries and Forest Protection) -Plan (Capital)' should be on the condition of satisfying all remarks of the Finance department.*

*2. Regarding the purchase of vehicles from CAMPA Account, since it is not part of the State Budget, Administrative department can take decision with the concurrence of Finance department."*

7) When the file was circulated, Hon'ble Minister for Forest and Wildlife proposed to purchase 30 vehicles from the Budget Head "4406-01-101-99-(01) Forest Protection (Survey of Forest Boundaries and Forest Protection (Plan) (capital)" and 10 vehicles from the CAMPA Fund and submitted to Hon'ble Chief Minister for concurrence and placing the matter before the Council of Ministers.

8) Hon'ble Chief Minister ordered to place the matter before the Council of Ministers.

**Point for decision**

Whether sanction may be accorded for the purchase of 30 vehicles from the existing amount in the budget head " 4406-01-101-99- Forest Protection (Survey of Forest Boundaries and Forest Protection) (01) Forest Protection (Plan) (capital)" and 10 vehicles from "CAMPA" fund for Kerala Forest Department overruling the remarks of Finance Department and Planning and Economic Affairs Department?